ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24 പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിച്ചു.

(ബി) വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് അനുവദനീയമെന്ന് കണ്ടെത്തിയ എല്ലാ തസ്തികകളും അനുവദിച്ചിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിൽ ആർട്സ് കോളേജ്

19 (1093) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിർദ്ദിഷ്ട ആർട്ട്സ് കോളേജ് ആരംഭിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ; നിർദ്ദേശം നൽകിയിട്ട് എത്ര നാളായെന്നും റിപ്പോർട്ട് ലഭ്യമായെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ചുള്ള അനിശ്ചിതത്വം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ നിർദ്ദിഷ്ട ആർട്സ് കോളേജ് ആരംഭിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14-10-2015-ലെ കത്ത് പ്രകാരം എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി&ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് കോളേജ് അനുവദിക്കുന്നതുസംബന്ധിച്ച പ്രാഥമിക റിപ്പോർട്ടിന്മേൽ ധനകാര്യ വകുപ്പ് അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയാണ്. പ്രസ്തുത വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly